കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ:B2/186/2024-SEC തീയതി: 10-10-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് - പോളിംഗ് സ്റ്റേഷൻ ലിസ്റ്റ് ഉത്തരവായി പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. 25.01.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.
2. 05.07.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.
3. 16.07.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.
4. 09.09.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.
5. 19.09.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.
6. 24.09.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലങ്ങൾ/വാർഡുകൾ പുനർവിഭജിച്ചതിന്റെയും അതിർത്തി നിർണ്ണയിച്ചതിന്റെയും അടിസ്ഥാനത്തിൽ അവയ്ക്കുള്ള പോളിംഗ് സ്റ്റേഷനുകൾ കണ്ടെത്തി നിശ്ചയിക്കുന്നതിന് സൂചന (1) പ്രകാരം പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തരം കമ്മീഷനിൽ സമർപ്പിച്ച പോളിംഗ് സ്റ്റേഷൻ ലിസ്റ്റിന് കമ്മീഷൻ സൂചന (2) പ്രകാരം അനുമതി നൽകിയിരുന്നു. അതിൻ പ്രകാരം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അതത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പോളിംഗ് സ്റ്റേഷൻ ലിസ്റ്റ് ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.

അതിനുശേഷം, പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കുന്നതിനുള്ള സൂചന (4), (5) കത്തുകളിലെ കമ്മീഷന്റെ പുതുക്കിയ നിർദ്ദേശ പ്രകാരം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സമർപ്പിച്ച പുതുതായി ഉൾപ്പെടുത്തേണ്ട പോളിംഗ് സ്റ്റേഷനുകൾക്കും (Addition), ഒഴിവാക്കേണ്ട പോളിംഗ് സ്റ്റേഷനുകൾക്കും (Deletion), നിലവിലുള്ള പോളിംഗ് സ്റ്റേഷനുകളുടെ പേര്, കെട്ടിടം എന്നിവയിലെ മാറ്റത്തിനും (Correction) സൂചന (6) പ്രകാരം കമ്മീഷൻ അനുമതി നൽകുകയും, അതിൻ പ്രകാരമുള്ള മാറ്റം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ERMS-ൽ വരുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള പോളിംഗ് സ്റ്റേഷനുകളിൽ സൂചന (6) പ്രകാരം കമ്മീഷൻ അനുമതി നൽകിയ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ലിസ്റ്റ് പുനഃക്രമീകരിച്ച് സൂചന (3) പ്രകാരം ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ പൂർണ്ണമായ പോളിംഗ് സ്റ്റേഷൻ ലിസ്റ്റ് ഒറ്റ ഉത്തരവായി അതത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകുന്നു. ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന പോളിംഗ് സ്റ്റേഷനുകളുടെ സമ്പൂർണ്ണ ലിസ്റ്റ്

ഉത്തരവ് സഹിതം ഒരു പകർപ്പ് (Both Soft Copy & Hard Copy) **17.10.2025 തീയതിക്ക് മുമ്പായി** അതത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വരണാധികാരികൾ, ഉപവരണാധികാരികൾ, സെക്രട്ടറിമാർ എന്നിവർക്കും പോളിംഗ് സ്റ്റേഷൻ ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്.

കമ്മീഷൻ അംഗീകരിച്ച പോളിംഗ് സ്റ്റേഷൻ ലിസ്റ്റ് സൂചന (6) ലെ നിർദ്ദേശം പാലിച്ചുകൊണ്ട് ERMS-ൽ Entry വരുത്തുന്നതിൽ ഏതെങ്കിലും തദ്ദേശ സ്വയഭരണ സ്ഥാപന സെക്രട്ടറിമാർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ വിശദീകരണം സഹിതം ജില്ലകളിൽ ഇത്തരത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റും, പോളിംഗ് സ്റ്റേഷൻ സംബന്ധിച്ച വിവരങ്ങളും ക്രോഡീകരിച്ച് ഒരു Consolidated റിപ്പോർട്ട് കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 10-10-2025 19:02:01

PRAKASH.B.S
SECRETARY

പകർപ്പ് :

1.എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
(ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)

2. എല്ലാ തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർമാർക്കും
(ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)

3. എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

4. നോഡൽ ഓഫീസർമാർ, എസ്.ഇ.സി

5. ഐ.ടി സെൽ

6. കമ്മീഷണറുടെ പി.എസ്

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ: B2/186/2024-SEC തീയതി: 24-09-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ &
ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് - പോളിംഗ് സ്റ്റേഷൻ പുന:ക്രമീകരണം - അനുമതി- അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. 25.01.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.
2. 05.07.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.
3. 09.09.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.
4. 19.09.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 22.09.2025-ലെ E2-1190609/2025 നമ്പർ കത്ത്.
6. കൊല്ലം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 23.09.2025-ലെ DCKLM/6434/2025 - EL3 നമ്പർ കത്ത്.
7. പത്തനംതിട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 22.09.2025-ലെ DCPTA/5634/2024-E2 നമ്പർ കത്ത്.
8. ആലപ്പുഴ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 23.09.2025-ലെ DCALP/8321/2025-M2 നമ്പർ കത്ത്.
9. കോട്ടയം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 23.09.2025-ലെ DCKTM/E2 10842/2024 നമ്പർ കത്ത്.
10. ഇടുക്കി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 22.09.2025-ലെ DCIDK/815/2025-E7 നമ്പർ കത്ത്.
11. എറണാകുളം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 22.09.2025-ലെ DCEKM/3573/2025-N2 നമ്പർ കത്ത്.
12. തൃശ്ശൂർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 20.09.2025-ലെ EL3-932239/2024 നമ്പർ കത്ത്.
13. പാലക്കാട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 22.09.2025-ലെ DCPKD/9718/2025-E3 നമ്പർ കത്ത്.
14. മലപ്പുറം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 22.09.2025-ലെ DCMLP/12151/2024-P3 നമ്പർ കത്ത്.
15. കോഴിക്കോട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 22.09.2025-ലെ

DCKKD/10643/2024-E3 നമ്പർ കത്ത്.

16. വയനാട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 20.09.2025-ലെ DCWYD/6844/2024-E2 നമ്പർ കത്ത്.

17. കണ്ണൂർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 20.09.2025-ലെ DCKNR/3350/2025-P3 നമ്പർ കത്ത്.

18. കാസർഗോഡ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ 20.09.2025-ലെ DCKSGD/6553/2025-E2 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലങ്ങൾ/വാർഡുകൾ പുനർവിഭജിച്ചതിന്റെയും അതിർത്തി നിർണ്ണയിച്ചതിന്റെയും അടിസ്ഥാനത്തിൽ അവയ്ക്കുള്ള പോളിംഗ് സ്റ്റേഷനുകൾ കണ്ടെത്തി നിശ്ചയിക്കുന്നതിന് സൂചന (1) പ്രകാരം പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം കമ്മീഷനിൽ സമർപ്പിച്ച പോളിംഗ് സ്റ്റേഷൻ ലിസ്റ്റിന് കമ്മീഷൻ സൂചന (2) പ്രകാരം അനുമതി നൽകിയിരുന്നു. അതിൻ പ്രകാരം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അതത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പോളിംഗ് സ്റ്റേഷൻ ലിസ്റ്റ് ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് സൂചന (3)-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വോട്ടർപട്ടിക പുതുക്കി അന്തിമ വോട്ടർപട്ടിക 2025 സെപ്റ്റംബർ 02 ന് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**അന്തിമ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം സൂചന (3), (4) പ്രകാരം കമ്മീഷൻ പുറപ്പെടുവിച്ച പുതുക്കിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം സമർപ്പിച്ച പുതിയതായി ഉൾപ്പെടുത്തേണ്ട പോളിംഗ്സ്റ്റേഷൻ (Addition), ഒഴിവാക്കേണ്ട പോളിംഗ്സ്റ്റേഷൻ (Deletion), നിലവിലുള്ള പോളിംഗ്സ്റ്റേഷനുകളുടെ പേര്, കെട്ടിടം എന്നിവയിൽ മാറ്റം(Correction) എന്നിവ സംബന്ധിച്ച് സൂചന (5) മുതൽ (18) വരെയുള്ള ശിപാർശകൾ കമ്മീഷൻ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശിപാർശകൾ അനുവദിച്ചുകൊണ്ടും താഴെപ്പറയുന്ന വ്യവസ്ഥകൾ കൃത്യതയോടെ പാലിച്ചുകൊണ്ടും ERMS-ൽ പോളിങ് സ്റ്റേഷനുകളുടെ പുന:ക്രമീകരണം (Addition, Deletion and Correction), ആവശ്യമായ വിവരം രേഖപ്പെടുത്തൽ എന്നിവ വരുത്തുന്നതിന് അനുമതി നൽകുന്നു.** നിർദിഷ്ട സമയക്രമത്തിൽ കൃത്യമായി നടപടി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനുള്ള നിർദേശം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും നല്കേണ്ടതാണ്:

**<u>വ്യവസ്ഥകൾ</u>**

1. ERMS ൽ പുതിയ പോളിംഗ് സ്റ്റേഷൻ പുനക്രമീകരണം (Addition, Deletion and Correction) ചെയ്യുന്നത് സംബന്ധിച്ച പ്രവൃത്തികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ & ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തന്നെ ചെയ്യേണ്ടതും 25.09.2025 തീയതി തന്നെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്.

2. ഇത്തരത്തിൽ പുതുതായി രൂപീകരിക്കുന്നതും മാറ്റം വരുത്തുന്നതുമായ പോളിംഗ് സ്റ്റേഷനുകളിലേക്ക് വോട്ടർമാരെ ക്രമീകരിക്കുന്ന പ്രവൃത്തി (Transposition) അതത് തദ്ദേശ സ്വയംഭരണ സ്ഥാപന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ 26.09.2025 തീയതി തന്നെ

പൂർത്തീകരിക്കേണ്ടതാണ്. മേൽ പ്രവൃത്തികൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ചെയ്യുന്നതിനുള്ള ക്രമീകരണം ERMS-ൽ വരുത്തിയിട്ടുണ്ട്. അന്തിമ പട്ടിക പ്രസിദ്ധീകരിച്ച പോളിംഗ് സ്റ്റേഷനുകളുടെ അടിസ്ഥാനത്തിൽ Merge ചെയ്ത വോട്ടർ പട്ടികയായിരിക്കും ERMS -ൽ Transposition ന് വേണ്ടി ലഭ്യമാക്കുന്നത്. വിശദമായ Work flow അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

3. പുതിയ പോളിംഗ് സ്റ്റേഷൻ രൂപീകരിക്കുമ്പോഴും, ഒഴിവാക്കുമ്പോഴും സൂചന (3)-ലെ കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

4. നിലവിലെ പരിശോധനയിൽ ERMS-ൽ കണ്ടെത്തിയ 500 വോട്ടർമാർവരെയുള്ള പഞ്ചായത്തിലെ പോളിംഗ് സ്റ്റേഷനുകളുടെയും 700 വോട്ടർവരെയുള്ള മുനിസിപ്പാലിറ്റിയിലെ പോളിംഗ് സ്റ്റേഷനുകളുടെയും ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ & ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പരിശോധിച്ച് ഒരു നിയോജകമണ്ഡലത്തിന്റെ /വാർഡിന്റെ ഒരേ കോമ്പൗണ്ടിലും , ഒരേ കെട്ടിടത്തിലും (Same compound & Same building) സ്ഥിതി ചെയ്യുന്ന രണ്ട് പോളിംഗ് സ്റ്റേഷനുകളിൽ ഇതേ കണക്കിൽ വോട്ടർമാർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ നിർബന്ധമായും സംയോജിപ്പിച്ച് അനുയോജ്യമായ ഒറ്റ പോളിംഗ് സ്റ്റേഷനാക്കി ERMS-ൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. ഇപ്രകാരം ഒരു നിയോജകമണ്ഡലത്തിലെ / വാർഡിലെ രണ്ട് പോളിംഗ് സ്റ്റേഷനുകൾ സംയോജിപ്പിക്കുമ്പോൾ ഒരു പോളിംഗ് സ്റ്റേഷനിലെ ആകെ വോട്ടർമാർ 1200/1500 എണ്ണത്തിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5.കൂടാതെ, ഒരു നിയോജക മണ്ഡലത്തിലോ / വാർഡിലോ ഒന്നിലധികം പോളിംഗ്സ്റ്റേഷനുകൾ ഉണ്ടായിരിയ്ക്കുകയും അവയിൽ ഒരു പോളിങ് സ്റ്റേഷനിൽ 100 ൽ താഴെ വോട്ടർമാർ മാത്രമുള്ളതുമായ പോളിംഗ് സ്റ്റേഷനുകൾ പരിശോധിച്ച് അവിടെയുള്ള നാമമാത്രമായ വോട്ടർമാരെ ബന്ധപ്പെട്ട സൗകര്യപ്രദമായ പോളിംഗ് സ്റ്റേഷനിലേയ്ക്ക് കൂട്ടി ചേർക്കേണ്ടതാണ്.

6. മേൽ നിർദ്ദേശങ്ങൾ എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും പാലിയ്ക്കുന്നുണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 24-09-2025 17:12:33

PRAKASH.B.S
SECRETARY

പകർപ്പ് : 1) എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ & സെക്രട്ടറിമാർക്കും
(ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)
2) എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
(ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)
3) എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

4) കമ്മീഷണറുടെ പി.എസ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/186/2024-SEC തീയതി: 16-07-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ &
ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പ് - പോളിംഗ് സ്റ്റേഷൻ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) കമ്മീഷന്റെ 25.01.2025, 06.06.2025 തീയതികളിലെ ഇതേ നമ്പർ കത്ത്.
2) കമ്മീഷന്റെ 05.07.2025 ലെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയോജകമണ്ഡല/വാർഡുകൾ പുനർവിഭജിച്ചതിന്റെയും അതിർത്തി നിർണ്ണയിച്ചതിന്റെയും അടിസ്ഥാനത്തിൽ അവക്കുള്ള പോളിംഗ് സ്റ്റേഷനുകൾ കണ്ടെത്തി കമ്മീഷന്റെ അംഗീകാരത്തിനായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ലിസ്റ്റ് സമർപ്പിക്കുകയും അപ്രകാരം ലഭ്യമായ പോളിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റ് സൂചന (2) പ്രകാരം കമ്മീഷൻ അംഗീകരിക്കുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള പോളിംഗ് സ്റ്റേഷനുകളിൽ കമ്മീഷൻ അനുമതി നൽകിയ മാറ്റങ്ങൾക്ക് വിധേയമായി ലിസ്റ്റ് പുനഃക്രമീകരിച്ച് ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും അവയുടെ ഒരു പകർപ്പ് (both Soft Copy and Hard Copy) കമ്മീഷനിൽ ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകുന്നു. കൂടാതെ, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വരണാധികാരികൾ, ഉപ വരണാധികാരികൾ, സെക്രട്ടറിമാർ എന്നിവർക്കുകൂടി പോളിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 16-07-2025 10:25:11
PRAKASH.B.S
SECRETARY

പകർപ്പ് : കമ്മീഷണറുടെ പി.എസ്സ്

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033.
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ &
ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ : )

വിഷയം : പഞ്ചായത്ത് / മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് 2025 – പോളിംഗ് സ്റ്റേഷനുകളുടെ അന്തിമ ലിസ്റ്റ് – ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം : 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 25.01.2025 ലെ ബി2/186/2024/സം.തി.ക നം കത്ത്.

2. ഈ ഓഫീസിലെ ..............തീയതിയിലെ ...................... നമ്പർ കത്ത്.

3. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 05.07.2025 ബ2/186/2024 സം.തി.ക നം കത്ത്.

നമ്പർ : തീയതി :

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2025 ലെ പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി ജില്ലയിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷനുകളിലെ നിലവിലെ പോളിംഗ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ പുനക്രമീകരണം വരുത്തുന്നതിന് സൂചന (1) ലെ കത്ത് പ്രകാരം ബഹു.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിരുന്നു. അത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ പോളിംഗ് സ്റ്റേഷനുകൾ ബന്ധപ്പെട്ട സെക്രട്ടറിമാർ മുഖേന പരിശോധിച്ച് മാറ്റങ്ങൾ ആവശ്യമുള്ളവ സംബന്ധിച്ച് സൂചന (2) പ്രകാരം ബഹു.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുകയും അവയ്ക്ക് കമ്മീഷൻ സൂചന (3) പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2025 ലെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്.............. ജില്ലയിലെ ഗ്രാമപഞ്ചായത്ത് .................,മുനിസിപ്പാലിറ്റി/ ..............മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലെ പോളിംഗ് സ്റ്റേഷനുകൾ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക പ്രകാരം പ്രസിദ്ധപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ

എല്ലാ വരണാധികാരികൾക്കും, ഉപവരണാധികാരികൾക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും

പകർപ്പ്:-

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

## <u>അനുബന്ധം</u>

പൊതുതിരഞ്ഞെടുപ്പ് 2025
പോളിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റ്

| നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | പോളിംഗ് സ്റ്റേഷന്റെ നമ്പറും പേരും | പോളിംഗ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലം | പോളിംഗ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ നമ്പർ | പോളിംഗ് പ്രദേശം ..... കെട്ടിട നം. മുതൽ ..... കെട്ടിട നം. വരെ (നിലവിലെ വാർഡ് നമ്പറും കെട്ടിട നമ്പറും) | റിമാർക്സ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ

സ്ഥലം :

തീയതി :